4. <u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, 10-05-2014 തീയതി മണ്ണന്തല പോലീസ് സ്റ്റേഷൻ പരിധിയിലെ കിഴക്കേമുക്കോല ശിവജിനഗറിൽ താമസിക്കുന്ന മനോഹരൻ ആശാരിയും കുടുംബാംഗങ്ങളും ഉൾപ്പെട്ട 5 പേർ കൊള്ളപ്പലിശക്കാരിൽനിന്നുള്ള മാനസിക പീഡനവും ഭീഷണിയെയും തുടർന്നുള്ള മനോവിഷമത്താൽ കൂട്ട ആത്മഹത്യ ചെയ്തു. ഈ സംഭവത്തെത്തുടർന്ന് അമിത പലിശ ഈടാക്കുന്ന സാമ്പത്തിക ഇടപാടുകാരുടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾമൂലം കേരളീയ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ദുഷ്പ്രവണതകൾക്കെതിരെ അതിശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ആഭ്യന്തര വകുപ്പ് ഓപ്പറേഷൻ കുബേര എന്ന പരിപാടി ആരംഭിച്ചു. കേരളത്തിൽ നിലവിലുള്ള കേരള മണി ലെന്റേഴ്സ് ആക്ട് 1958, കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട് 2012, ഇന്ത്യൻ പീനൽ കോഡിലെ വിവിധ വകുപ്പുകൾ എന്നിവയുടെ നഗ്നമായ ലംഘനങ്ങൾക്കെതിരെ സംസ്ഥാന വ്യാപകമായി പോലീസ് നിയമ നടപടികൾ ആരംഭിച്ചു. നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കെതിരെ സംസ്ഥാന പോലീസ് വിവരം ശേഖരിച്ച് നിയമാനുസരണം പരിശോധന (സെർച്ച്), പിടിച്ചെടുക്കൽ (seizure) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 11-06-2014 തീയതി രാവിലെ 6 മണിവരെയുള്ള ഒരു മാസ കാലയളവിനു

ളളിൽ സംസ്ഥാനത്താകെ 9723 റെയ്ഡുകൾ നടത്തി. ഈ റെയ്ഡിൽ 4,18,61,092/- രൂപയും, ഒട്ടേറെ ആധാരങ്ങൾ, ഒപ്പിട്ട ബ്ലാങ്ക് മുദ്രപത്രങ്ങൾ, ഒപ്പിട്ട ബ്ലാങ്ക് ചെക്കുകൾ, പ്രോമിസറി നോട്ടുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ, ID കാർഡുകൾ, വാഹനങ്ങൾ, ആർ.സി. ബുക്കുകൾ എന്നിവയും പിടിച്ചെടുത്തു. ഇതിനകം 1448 കേസുകൾ രജിസ്റ്റർ ചെയ്യുകയും ഈ കേസുകളിൽ പ്രതികളായ 773 പേരെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ വൻകിട അനധികൃത പണമിടപാടുകാർ, പോലീസുദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ള സർക്കാരുദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവർ എന്നിവരും ഉൾപ്പെടുന്നു.

സംസ്ഥാന പോലീസ് സേനയിലെ ബന്ധപ്പെട്ട എല്ലാവിഭാഗങ്ങളെയും ഏകീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് 'ഓപ്പറേഷൻ കുബേര'യുമായി മുന്നോട്ടുപോകുന്നത്. ചെറുതും വലുതുമായ നിയമലംഘകരെ കണ്ടെത്തു ന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ലോക്കൽ പോലീസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും സംസ്ഥാന ഇന്റലിജൻസ് വിഭാഗവും സംയുക്ത മായ പ്രവർത്തനമാണ് നടത്തുന്നത്.

കർശനമായ നിയമ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ നമ്മുടെ നാട്ടിൽ, പല പ്രദേശങ്ങളിലും നിലവിലുള്ള അമിത പലിശ ഇല്ലാതെ നടത്തുന്ന കൈവായ്പ്പക്കാർ, നിയമാനുസരണം പ്രവർത്തിക്കുന്ന വ്യക്തി

കൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റും പോലീസ് വകുപ്പും പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്.

എല്ലാ ജില്ലകളിലും ബ്ലേഡ് മാഫിയകളുടെ തട്ടിപ്പുകൾ സംബന്ധിച്ച പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരാതി നൽകുന്നതിനുള്ള ഹെൽപ്പ്ലൈൻ നമ്പരുകൾ പ്രസിദ്ധീകരിക്കുകയും ജില്ലാതലത്തിൽ നടപടികൾ ക്രോഡീകരിക്കുന്നതിന് ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യെ ജില്ലാ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

മണി ലെന്റേഴ്സ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പേരിൽ ഗുണ്ടാ നിയമപ്രകാരം നടപടി എടുക്കുന്നത് കർക്കശമാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി 4 കേസ്സുകളിൽ ഉൾപ്പെട്ട ഒരു പ്രതിയെ ഗുണ്ടാ നിയമത്തിന്റെ 15 1(a) വകുപ്പുപ്രകാരം 8–6–2014 –ൽ ഒരു വർഷത്തേയ്ക്ക് തിരുവനന്തപുരം സിറ്റി പോലീസിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ മുൻകൂർ അനുമതി ഇല്ലാതെ പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഈ നിയമപ്രകാരം അനധികൃത പണമിടപാട് നടത്തുന്ന ഒരാളെ നാടുകടത്തുന്നത്. കൂടാതെ, തിരുവനന്തപുരം സിറ്റിയിൽ അനധികൃത പണമിടപാടുകാരായ രണ്ടുപേർക്കെതിരെ ഗുണ്ടാനിയമം 15–ാം വകുപ്പ് ചുമത്തി നാടുകടത്താനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്.

കൂടാതെ കൊള്ളപ്പലിശക്കാരുടെ ഭീഷണിയെ തുടർന്ന് ഏതെങ്കിലും വ്യക്തി ആത്മഹത്യ ചെയ്യുകയാണെങ്കിൽ അത്തരം ആത്മഹത്യക്ക് കാരണ

ക്കാരാകുന്ന കൊള്ളപ്പലിശക്കാർക്കെതിരെ 2012-ലെ Kerala Prohibition of Charging Exorbitant Interest Act - ലെ 9-ാം വകുപ്പ് പ്രകാരം ആത്മഹത്യക്ക് പ്രേരണ നൽകുന്ന കുറ്റം ആരോപിച്ച് നിയമനടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള വിവിധ നിയമനടപടികൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി 10/2014 നമ്പരായുള്ള സർക്കുലർ 9-5-2014-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

'ഓപ്പറേഷൻ കുബേര' യുമായി മുന്നോട്ട് പോകുമ്പോൾ കൊള്ള പ്പലിശക്കാർക്ക് എതിരെയുള്ള നിയമങ്ങളെക്കുറിച്ചും കുറ്റകൃത്യങ്ങൾക്കെ തിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും സാമാന്യ ജനങ്ങൾക്ക് നിയമപരിജ്ഞാനം നൽകാനായി നിയമസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ജനമൈത്രി സുരക്ഷാ പദ്ധതി, കുടുംബശ്രീ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരെ പ്രയോജനപ്പെടുത്താൻ ആഭ്യന്തര വകുപ്പ് തീരുമാനിച്ചു. ഇതിന് ആവശ്യമായ ബോധവത്ക്കരണ സെമിനാറുകൾ ജനമൈത്രി ബീറ്റ് ഓഫീസർമാരിലൂടെ, ജനങ്ങളെ കൊള്ളപ്പപലിശക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരികയാണ്.

അനധികൃത സാമ്പത്തിക ഇടപാടുകളും അമിത പലിശ ഈടാക്കലും അതുപോലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള പ്രവർത്തന ങ്ങൾ Non Banking Finance Company (NBFC), Micro Finance Institutions (MFI) എന്നീ ലേബലുകളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപന ങ്ങളും ചില സ്ഥലങ്ങളിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. അത്തരം

സ്ഥാപനങ്ങൾ, നിലവിലുള്ള നിയമങ്ങൾക്കുപുറമെ Reserve Bank of India കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കുവാൻ ബാധ്യസ്ഥ രാണ്. Reserve Bank of India 2013 ജൂലൈ ഒന്നിന് ഫെയർ പ്രാക്ടീസ് കോഡ്-മാസ്റ്റർ സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ സർക്കുലറിലെ വ്യവസ്ഥകൾ പലതും ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി ആർ.ബി.ഐ. ഗവർണർക്ക് കത്തയയ്ക്കു കയുണ്ടായി.

സമൂഹത്തിൽ ന്യായമായ നിലയിൽ അത്യാവശ്യക്കാർക്ക് പലപ്പോഴും വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് പലരും കൊള്ള പ്പലിശക്കാരുടെ കെണിയിൽപ്പെടുന്നത് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് കേരളത്തിൽ വായ്പകൾ സത്വരവും സുഗമവുമാക്കുന്നതിനുവേണ്ടി സംസ്ഥാന മുഖ്യമന്ത്രി State Level Banking Committee (SLBC) -യുടെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുകയുണ്ടായി സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പ്രസ്തുത യോഗത്തിൽ പങ്കെടുത്ത് നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സബ് കമ്മിറ്റി ഇതിനകം തന്നെ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം കോ-ഓപ്പറേറ്റീവ് സഹകരണ മേഖലയിൽ നിന്നും വായ്പകൾ സുഗമമാക്കുന്നതിന് ഗവൺമെന്റ് ഇതിനകം നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് ചില വ്യക്തി കളും സ്ഥാപനങ്ങളും അമിത പലിശ ഉൾപ്പെടെയുള്ള അനധികൃത പ്രവർത്ത

നങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആഭ്യന്തര വകുപ്പു മന്ത്രിയും രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ഒരു സംയുക്ത യോഗം ചേർന്ന് ജനങ്ങളെ ചൂഷണം ചെയ്യാതിരിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും രജിസ്ട്രേഷൻ ഐ.ജി. യുടെ നേതൃത്വത്തിൽ വിശദമായ പരിശോധനയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കേരളീയ സമൂഹത്തിൽ ദീർഘകാലമായി പിടിമുറുക്കിക്കഴിഞ്ഞിരുന്ന ഈ സാമൂഹ്യ തിന്മയെ എതിർത്ത് തോൽപ്പിക്കണമെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ക്ഷേമത്തിൽ തൽപ്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം കൂടിയേ തീരു. ഒരുവശത്ത് ശക്തമായ നിയമനടപടിയും മെച്ചപ്പെട്ട അവബോധത്തിലൂടെ ഉയർന്നുവരുന്ന സാമൂഹ്യ പ്രതിരോധവും ഇക്കാര്യത്തിൽ ഒഴിച്ചുകൂടാൻ വയ്യ. ബ്ലേഡ് മാഫിയയുടെ വേര് സമ്പൂർണ്ണമായി അറുക്കുകയെന്ന ലക്ഷ്യം നേടുന്നതുവരെ 'ഓപ്പറേഷൻ കുബേര' മുന്നോട്ട് പോകും. അതോടൊപ്പം അതിമോഹത്തിന്റെയും ദുർവ്യയത്തിന്റെയും ധാരാളിത്തത്തിന്റെയും മൂല്യങ്ങൾ വളർന്ന് വരുന്നതിനെതിരെയും ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര വകുപ്പ് 'ഓപ്പറേഷൻ കുബേര' യുമായി മുന്നോട്ടുപോകുമ്പോൾ ബ്ലേഡ് മാഫിയയുടെ ഭീഷണിയിൽ നിന്നും മുക്തമായതും ഗുണപരമായി മെച്ചപ്പെട്ടതും സ്ഥായിയായ മാറ്റം ഉറപ്പുവരുത്തുന്നതുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് എല്ലാവരുടെയും സഹകരണവും സംഭാവനയും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.